എമ്മാവൂസ്

# വചനദൂത്

Vol.25 / Issue - 40 / 9 April 2017

നോമ്പുകാലം 7-ാം ഞായർ മത്തായി 21:1-17




ബ്ര. ജിനിൽ വടക്കേമുറി

സ്വർഗ്ഗത്തിൽ നിരന്തരം ദൈവസ്തുതികൾ പാടുന്ന മാലാഖമാരെ ഓർമ്മിച്ച്, ജറുസലേം നഗരത്തിലേക്കുള്ള രാജകീയ പ്രവേശനം അനുസ്മരിപ്പിച്ച് ലോകം മുഴുവനുമുള്ള ക്രൈസ്തവ വിശ്വാസികൾ കുരുത്തോലകൾ കൈകളിലേന്തി ക്രിസ്തുവിനെ രാജാവായി, രക്ഷകനായി ഏറ്റുപറയുന്ന മഹാസുദിനം-ഓശാനതിരുന്നാൾ. എല്ലാവർക്കും ഓശാനതിരുന്നാളിന്റെ മംഗളങ്ങൾ നേരുന്നു.

ഓശാന അതൊരു ജനസമൂഹത്തിന്റെ നിലവിളിയായിരുന്നു. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് അരങ്ങേറിയ ഒരു ഘോഷയാത്രയുടെ ആരവം. ക്ലേശങ്ങളുടെ നടുവിലൂടെ കടന്നുപോകുകയായിരുന്ന ഇസ്രായേൽ ജനത ആശ്വാസത്തിനും രക്ഷയ്ക്കും വേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. അപ്പോഴാണ് യേശു രക്ഷകനായി കടന്നുവരുന്നത്. യേശുവിന്റെ വാക്കും പ്രവർത്തികളും ജനങ്ങളെ ഇവനൊരു രാജാവാണെന്ന നിഗമനത്തിൽ കൊണ്ടെത്തിച്ചതിനാലാവാം അവർ ഓശാന പാടി യേശുവിനെ വരവേറ്റത്. ആർപ്പുവിളിച്ചവർ 'ഓശാന' രാഷ്ട്രീയ വിപ്ലവത്തിന്റെ പെരുമ്പറയെന്നു കരുതി. എന്നാൽ കഴുതപ്പുറത്ത് സഞ്ചരിച്ചുകൊണ്ടിരുന്ന ക്രിസ്തുവിന് അത് ദൈവരാജ്യത്തിന്റെ ആഹ്വാനം മാത്രം ആയിരുന്നു.

ഊരും പേരും ഇല്ലാത്ത ആരവങ്ങൾകൊണ്ടും ആർപ്പുവിളികൾ കൊണ്ടും ജറുസലേം വീഥികളെ പ്രകമ്പനം കൊള്ളിച്ച ജനങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം. മൂന്ന് തരത്തിലുള്ള ആളുകളെ നമ്മൾ ഓശാന യാത്രയിൽ കണ്ടുമുട്ടുന്നു. ഈശോയുടെ ശിഷ്യന്മാർ, ഓശാന ആരവം ഉയർത്തുന്ന തീർത്ഥാടകരും സ്ത്രീകളും. ആരാണിവൻ എന്നു ചോദിക്കുന്ന ജറുസലേം നിവാസികളും നിയമജ്ഞരും. അവനെ സ്വീകരിക്കുന്നവരും നിരാകരിക്കുന്നവരും അവിടെ ഉണ്ടായിരുന്നു. ജനക്കൂട്ടത്തിൽ തന്നെ അവനെയൊന്ന് സ്പർശിക്കണമെന്ന ആഗ്രഹവുമായി അവനിൽ നിന്ന് ശക്തിവരുന്നത് കാണാനായി ആഗ്രഹിച്ചവർ ഉണ്ടായിരുന്നു. ഇവനെ വധിക്കണമെന്നും ഇവനെ നശിപ്പിക്കണമെന്നാഗ്രഹവുമായി കടന്നുവരുന്നവരും ഉണ്ടായിരുന്നു. അതിനാലാണ് ഈശോയെക്കുറിച്ച് പ്രശംസിച്ച് പറഞ്ഞ് അവന്റെ വചനം കേട്ട ജനതതന്നെ അവനെ മലമുക

ളിൽ നിന്ന് താഴെക്കിട്ട് കൊല്ലാനാഗ്രഹിച്ചത്. പിന്നീട് അപ്പം ഭക്ഷിച്ചു തൃപ്തരായവർ യേശുവിനെ രാജാവാക്കാൻ ശ്രമിക്കുന്നുണ്ട്. അവന്റെ വചനം കേട്ട് ഗ്രഹിക്കാതെ പോകുന്ന ജനസമൂഹമുണ്ട്. അപ്പം ഭക്ഷിക്കാനാഗ്രഹിച്ചുകൊണ്ട് യേശുവിന്റെ കൂടെ പോകുന്ന ജനസമൂഹമുണ്ട്.

ജനത്തിന്റെ സ്വഭാവ സവിശേഷതകൾ അപ്പസ്തോല പ്രവർത്തനത്തിൽ 19-ാം അധ്യായം 23-ാം വചനത്തിൽ നാം കാണുന്നുണ്ട്. വെള്ളിപ്പണിക്കാരുടെ ലഹളയെക്കുറിച്ചുള്ള വിവരണത്തിൽ വിഗ്രഹാരാധനക്കെതിരായ പൗലോസിന്റെ ശക്തമായ വചനവിതരണ ഫലമായി ജനങ്ങൾ വിഗ്രഹാരാധന ഉപേക്ഷിക്കുകയും തൽഫലമായി വെള്ളിപ്പണിക്കാരുടെ ജോലി ഇല്ലാതാവുകയും അതിനെതിരെ ലഹളയുമായി അവർ ഒത്തുചേർന്നപ്പോൾ പലർക്കും തങ്ങളെന്തിനാണ് ഒത്തുചേർന്നതെന്നുപോലും അറിയില്ലാതെ വലിയൊരു ജാഥയിൽ മുമ്പിൽ വിളിച്ചുപറയുന്ന മുദ്രാവാക്യം കേൾക്കാതെ അങ്ങനെതന്നെയെന്നുവിളിച്ചുപറയുന്ന അണികളെ നാം ഓർക്കുന്നു. പഴയ നിയമത്തിലും ഇതു തന്നെയാണ് നാം കാണുന്നത്. അടിമത്തത്തിൽ നിന്നും കൊണ്ടുവന്ന ജനത കാടപക്ഷിയും, മന്നയും ഭക്ഷിച്ചു തൃപ്തരായവർ അൽപം വേദനയും ആകുലതയും ഉണ്ടായപ്പോൾ ദൈവത്തിനെതിരെ പിറുപിറുത്തതും വിശ്വസ്തരായി കൂടെ നിന്നവർ അവിടുത്തേക്കെതിരായതും നാം വായിച്ചതാണ്.

ഇന്ന് ഓശാന തിരുനാൾ നമ്മോടാവശ്യപ്പെടുന്നത് ‘ആഹ്ലാദാരവമായി കടന്നുപോകുന്ന ജനക്കൂട്ടത്തിൽ ഒറ്റപ്പെട്ട വ്യക്തികളായി തീരാനാണ്.’ പത്ത് കുഷ്ഠരോഗികൾ സുഖപ്പെട്ടപ്പോൾ തിരിച്ചുവന്ന് നന്ദിപറഞ്ഞത് ഒരുവൻ മാത്രമാണ്. തിങ്ങിഞ്ഞെരുങ്ങി ജനം പോയപ്പോൾ ഒരുവനാണ് സൗഖ്യം ലഭിച്ചത്. ശിലോഹാകുളക്കടവിലിരുന്നവരിൽ ഒരുവനു മാത്രമാണ് സൗഖ്യം ലഭിച്ചത്. ചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ ചില ഒറ്റപ്പെട്ട വ്യക്തിത്വങ്ങളാണ് മാറ്റത്തിന്റെ വിപ്ലവമായി കടന്നുവരുന്നത്. ഗാന്ധിജി, നെൽസൺ മണ്ടേല, ശ്രീനാരായണ ഗുരു, വിവേകാനന്ദൻ തുടങ്ങിയവരെല്ലാം ഇതിനുദാഹരണങ്ങളാണ്.

ക്രൈസ്തവന്റെ വിളിയും ആൾക്കൂട്ടത്തിൽ വേറിട്ടുനിൽക്കാനാണ്. ക്രിസ്തുവിനുവേണ്ടി ജീവിക്കുന്ന, സത്യത്തിനുവേണ്ടി സംസാരിക്കുന്ന, നീതിക്കായി ശബ്ദമുയർത്തുന്ന ഒരുവനാവാനുള്ള വിളി. ഒറ്റയ്ക്കിരിക്കാനും ഒറ്റപ്പെടാനുമുള്ള വിളിയല്ല നമ്മുടേത്. മറിച്ച് ഒറ്റപ്പെട്ടിരിക്കുന്നവരെ ഒന്നിച്ചു ചേർക്കാനും അവരുടെ കൂടെ ഇരിക്കാനുമുള്ള വിളിയാണിത്.

യേശു കഴുതയുടെ പുറത്ത് ഇരുന്നതോടുകൂടി കഴുത അനുഗ്രഹിക്കപ്പെട്ടു. യേശുവിനെ വഹിക്കേണ്ടവരാണ് നാം ഓരോരുത്തരും എന്നാൽ പലപ്പോഴും മനസ്സിൽ കുറിച്ചിടേണ്ട ഒരു സത്യമുണ്ട്. ജനക്കൂട്ടത്തിന്റെ ആരവവും സ്വീകരണവുമെല്ലാം തന്റെ കൂടെ യേശു ഉള്ളതുകൊണ്ടു മാത്രമാണ്. അത് തന്റെ മഹത്വം കൊണ്ടു ലഭിക്കുന്നതല്ല എന്നാൽ ഇതേ ജനമാണ് അവനെ കല്ലെറിഞ്ഞതും ക്രൂശിലേറ്റിയതും. പ്രായമേറുമ്പോൾ, രോഗം വിരുന്നിനെത്തുമ്പോൾ, നമ്മുടെ മഹത്വം നഷ്ടമാവും. അപ്പോൾ മനസ്സിൽ നല്ല ഓർമ്മകളുണ്ടാവണം. ഇടയൻ ആടുകൾക്കുവേണ്ടി മുറിയപ്പെടുമ്പോൾ ലഭിക്കുന്ന നല്ല ഓർമ്മകൾ പോലെ. ദൈവത്തിനു ഓശാന പാടേണ്ടവരാണ് നാം. സമ്പത്തിനൊ സ്ഥാനമാനങ്ങൾക്കോ നമ്മുടെ ഓശാന വിളികൾ മുഴങ്ങരുത്.

“ദൈവത്തിനു മാത്രം ഓശാന പാടുള്ളൂ” എന്ന് തിരുമാനിച്ചതിനാൽ ജീവിതം ത്യജിക്കേണ്ടി വന്ന ആയിരങ്ങളുടെ കഥ പറയാനുണ്ട് ക്രൈസ്തവസഭയ്ക്ക്. എന്നുമുതൽ ഒരുവൻ യേശുവിന് ഓശാന പാടാൻ തീരുമാനിക്കുന്നുവോ അന്നുമുതൽ ലോകം അവനെതിരായിത്തീരും. അതിനാൽ കുരുത്തോല നെഞ്ചോടു ചേർത്ത് നമുക്കും പറയാം മരണം വരെ ജനക്കൂട്ടത്തിൽ വ്യത്യസ്തനായി എന്റെ നാഥനു ഞാൻ ഓശാന പാടും. എത്ര കഠിന വേദനയും വരട്ടെ എത്ര പീഢനകൾ ഉണ്ടായാലും എന്റെ പ്രാർത്ഥന എന്റെ വിശ്വാസം അത് ഒരേ ഒരു ദൈവത്തോടു മാത്രം. ഈ വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചുപോകാതെ ഉറച്ചു നിൽക്കാനുള്ള കൃപക്കായി നമുക്ക് പ്രാർത്ഥിക്കാം.◆

